


# പെരുവഴിത്തോറ്റം

## ശിവദാസൻ എ കെ



ചെറുതോട് ചാടിക്കടന്ന് ഇടവഴിയെത്തിയപ്പോഴാണ് കണ്ടത്.

ചതഞ്ഞൊടിഞ്ഞ ഇഞ്ചിപ്പുല്ല്.വലിച്ചൊടിച്ച മരച്ചില്ലകൾ. തല കുനിച്ചു നിൽക്കുന്ന പുൽത്തണ്ടുകളിൽ ഇളകിക്കിടക്കുന്ന പച്ചമണ്ണ്.

വിറച്ചു പോയി.

ഭഗവാനെ! എന്തേ ഇതു വരെ ആരും കണ്ടില്ല. ഒച്ചയും കേട്ടില്ല.

മുമ്പൊന്നും ഇതല്ല പതിവ്. കാടിന്റെ അതിർത്തിയിലെത്തണ്ട. നെടുങ്കായം വെള്ളച്ചാട്ടം കഴിഞ്ഞാൽ മതി കേൾക്കാം പുകില്. പിന്നെ ശരിക്കുറക്കമില്ല. വലിയ പാട്ടയും ഡ്രമ്മുമായി കൊട്ടുകാരൊരു വക. അവിടെയുമിവിടെയും ആഴികൂട്ടൽ വേറൊരു വക. ഇതിനെടയിൽ അന്നക്കുട്ടിച്ചേടത്തി ഹെന്റീശോയെ, ഹെന്റീശോയെ എന്ന് നിലവിളിച്ച് ജലപാനമില്ലാതെ നടപ്പു തുടങ്ങും. വാഴയും കാപ്പിയും കുരുമുളകും വിളയുന്ന തൊടികളിലെ ഒരനക്കം പോലും ചങ്കു തകർക്കുന്ന പെരുമ്പറയാകും. ഒടുവിൽ ആരുടെയൊക്കെയോ സ്വപ്നങ്ങൾക്കു മേലെ കനത്ത അടി വച്ച് ഒരു ദിവസം അവനപ്രത്യക്ഷനാകും. ഇത്രയും വലിയ ഒരുത്തൻ ഇവിടെയൊക്കെ വിലസിയിരുന്നു എന്ന ഒരു ഭാവവുമില്ലാതെ.

ഇപ്പോൾ വീട്ടിൽ നിന്ന് മൂന്നു കിലോമീറ്ററോളം നടന്നിട്ടുണ്ട്. താഴെ പെട്ടിമാരിയിലെത്താൻ ഇനിയും നടക്കണം. എട്ടു മണിയുടെ ബസ്സ് കഴിഞ്ഞാൽ പിന്നെ പത്തു മണി വരെ ബസ്സില്ല. കോളേജിൽ സമയത്തെത്തണമെങ്കിൽ എട്ട് മണിക്കു തന്നെ പോണം. മാത്രമല്ല പരീക്ഷയാണ്. തിരിച്ചു പോയി വീട്ടിലറിയിക്കാമെന്നു വച്ചാൽ ഇനി നേരമില്ല. റേയ്ഞ്ചില്ലാത്ത മൊബൈൽ ഫോൺ ഇവിടെ അലങ്കാര വസ്തുവാണ്. പ്രധാന വഴിയിൽ ആരെയെങ്കിലും കാണും. അതേ മാർഗ്ഗമുള്ളൂ.

ടീ എസ്റ്റേറ്റിലെ ലായത്തിന്റെ പുറകിലേക്ക് എളുപ്പത്തിൽ നയിക്കുന്ന വഴിയാണിത്. ഇതിലെ നടപ്പുകാർ കുറവാണ്. പിന്നെ ഈ വഴി അത്ര സുരക്ഷിതമല്ല എന്ന് തോന്നാൻ തുടങ്ങിയിട്ടുണ്ട്. നാടിന്റെയും കാടിന്റെയുമെല്ലാം സ്വഭാവം മാറുകയാണ്.

ശാരി നടന്നും ഓടിയും ഇപ്പോൾ ലായത്തിനടുത്തെത്തിയിരിക്കുന്നു. പാഡിയിൽ തൊഴിലാളികളല്ല. താത്കാലിക പോലീസ് ക്യാമ്പാണ്. ഒന്നര മാസമായി അവരിവിടെ ക്യാമ്പുണ്ട്. തൊഴിലാളികൾ ഒഴിഞ്ഞുപോയ പാഡി പെയിന്റടിക്കുന്നത് കണ്ട് വാച്ചർ കുഞ്ഞിരാമേട്ടനോട് അന്വേഷിച്ചിരുന്നു.

“പ്രത്യേക പോലീസുകാരാണേയ്. മാവോയിസ്റ്റോളെ പിടിക്കാൻ. ഇരുപതാളെങ്കിലും ഉണ്ടാവുന്ന് കേട്ടേക്കണു. അവർക്കുള്ള സൗകര്യമൊരുക്കലും ഇപ്പോ ന്റെ പെടലിക്ക് തന്നെ.”

മാവോയിസ്റ്റുകളെ അവൾ ഇതു വരെ കണ്ടിട്ടില്ല. ആദിവാസി ഊരുകളിൽ ആരൊ

ക്കൊയോ ചുറ്റിക്കറങ്ങുന്നുണ്ടത്രേ. എന്തോ, അങ്ങനെയൊരു കൂട്ടർ ഉണ്ടന്ന് അവൾക്കും തോന്നിയിട്ടുണ്ട്. വെറുതെയല്ല. മാരിമുത്തുവിന്റെയും കൂട്ടുകാരുടെയും ഭാവമാറ്റം കണ്ടതു മുതൽ. ഉൾക്കാട്ടിലാണ് അവന്റെ ഊര്. പുലർച്ചെ നടന്ന് കോളേജിലേക്ക് പോകാനെത്തും. ഊരിൽ നിന്ന് അവൻ മാത്രമേയുള്ളൂ.

ഈയടുത്താണ്. പെട്ടിമാരിയിലെ ഇടതൂർന്ന കൃഷിത്തോട്ടങ്ങളെ നോക്കി അവൻ പറഞ്ഞത്.

"ഈ മണ്ണിന്റെ യഥാർത്ഥ മക്കൾ ഞങ്ങളാണ്. എന്നാ ഞങ്ങളിപ്പ കൊടുങ്കാട്ടിലും. യഥാർത്ഥ അവകാശികൾക്ക് മേലാണ് നിങ്ങളെല്ലാം വന്ന് തിമിർക്കുന്നത്."

മാരിമുത്തു അങ്ങനെയൊന്നും പറയാറില്ല.

ശാന്തിക്കത്ഭുതമായിരുന്നു.ഇതെല്ലാം മാരിമുത്തുവിനോട് ആരാണ് പറഞ്ഞിട്ടുണ്ടാകുക.

ഇനിയിപ്പറയുന്ന മാവോയിസ്റ്റുകളാണെങ്കിൽത്തന്നെ അവനത് വെളിപ്പെടുത്തില്ല.അതുമല്ലെങ്കിൽ അവന്റെ വിപുലമായ വായന സ്വയം വെളിപ്പെടുത്തിയതോ. അതും വേണമെന്നില്ല. സ്വന്തം ഗതികേട് ആരും വിവരിക്കാതെ തന്നെ മനുഷ്യർക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.

.ലായത്തിനടുത്തെത്തിയതേ കണ്ടു.അയാൾ മുറ്റത്തുതന്നെയുണ്ട്.ഇൻസ്പെക്ടർ മുത്തുവേൽ. കുഞ്ഞിരാമേട്ടനാണ് പേര് പറഞ്ഞ് തന്നത്.

"ഒരു കള്ളുകുടിയനും പെങ്കോന്തനുമാണയാൾ. റാസ്കൽ."

പോലീസു ഭാഷ ഇപ്പോൾ കുഞ്ഞിരാമേട്ടനും വശപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

പെണ്ണുങ്ങളെ കാണാത്ത പോലെയാണ് നോട്ടവും ഭാവവും.

മാവോയിസ്റ്റ് പരിശോധനയ്ക്കായി അവർ ശാന്തിയുടെ വീടിന്റെ പരിസരത്തും ചുറ്റിക്കറങ്ങിയിരുന്നു.അപരിചിതരായ ആരെയെങ്കിലും കണ്ടോ എന്ന് പലരോടും ചോദിച്ചിരുന്നു.പഴയ അണക്കെട്ട് വിരുദ്ധസമിതിയുടെ പ്രവർത്തകരായ സുഗുണേട്ടനെയും, ഗോവിന്ദേട്ടനെയും പ്രത്യേകം ചോദ്യം ചെയ്തു.തല്ല് കൊള്ളാതെ പോന്നത് ഭാഗ്യം എന്നാണ് ഗോവിന്ദേട്ടൻ പറഞ്ഞത്.

ലായം കഴിഞ്ഞതേയുള്ളൂ. കുഞ്ഞിരാമേട്ടൻ മുന്നിൽ.

ഒറ്റശ്വാസത്തിന് കാര്യം പറഞ്ഞു.'അവനെറങ്ങീട്ടുണ്ട്.'

"ഭഗോത്യേ,ഇദ്ദിപ്പോ ഒരു മുന്നറിയിപ്പുമില്ലാണ്ടാണല്ലാ. പതിവു വഴിയല്ലാണ്ടുന്നുണ്ടാ വരവ്.നിനക്ക് തോന്നീതല്ലല്ലോ മോളേ."

"പിന്നെ എനിക്കു തെറ്റുമോ. ലായം വരേണ്ടായിരുന്നു.പിന്നീന്ന് വന്ന് കുത്തണ ആനച്ചൂര്."

"അപ്പ കരുതിയിരിക്കണല്ലാ".മൂക്കാറായ നേന്ത്രവാഴത്തോട്ടമായിരിക്കണം കുഞ്ഞിരാമേട്ടന്റെ മനസ്സിൽ.

മുന്നോട്ടു നടക്കവെ തിരിഞ്ഞു നോക്കി. തുറിച്ചു നോക്കി മുത്തുവേൽ നിൽപ്പുണ്ട്.

ഇപ്പോൾ മറ്റൊരു ചിത്രമാണ് മനസ്സിൽ.ഒരാഴ്ചയായിക്കാണും.കോളേജു വിട്ടു വരുന്ന വഴിയായിരുന്നു. റോഡിലെ പൊന്തക്കടുത്തായി ഒരനക്കം.ഇവിടിപ്പോ ആരു വരാനെന്ന് കരുതി എത്തി നോക്കിയതാണ്.

രണ്ട് പേരുണ്ടായിരുന്നു.ഒരാണും പെണ്ണും.മലർന്നു കിടന്നിരുന്ന പെണ്ണിന്റെ കറുത്ത കാലുകൾ മാത്രമാണ് കാണാൻ കഴിയുക. ഒന്നു കൂടി നോക്കിയപ്പോൾ ആണിനെ പിടികിട്ടി. സബ് ഇൻസ്പെക്ടർ മുത്തുവേൽ.

ആ പെണ്ണ് ആരായിരുന്നു എന്ന് അറിയില്ല.മറ്റാരോടും സംസാരിക്കാനും വയ്യ.നഗ്നരായി ഒരാണും പെണ്ണും ഒരു കൗമാരക്കാരിക്ക് തുറന്ന് സംസാരിക്കാൻ പറ്റിയ വിഷയമല്ല. എന്തുകൊണ്ടോ ആ ഇടവഴി അജ്ഞാതമായ രഹസ്യങ്ങൾ ചൂഴുന്ന ഒന്നായി മാറുന്നതു പോലെ.പക്ഷേ അതിനെ അങ്ങനെ ഉപേക്ഷിക്കാൻ വയ്യ.വളഞ്ഞുപുളഞ്ഞ എസ്റ്റേറ്റിന്റെ മുരിക്കുമരങ്ങൾ അതിർത്തിയിട്ട കല്ലിളകിയ റോഡിനെക്കാൾ മൂന്ന് കിലോമീറ്ററാണ് അത് ലാഭിച്ച് തരുന്നത്.

ബസ്സിലിരിക്കുമ്പോഴും അവനെക്കുറിച്ചായിരുന്നു മനസ്സിൽ.കുറച്ച് നാളത്തേക്കിനി മനസ്സിൽ തീയ്യാണ്. പുല്ലാനി മലയുടെ [illegible] പച്ചത്തൊപ്പിയിട്ട ശിരസ്സിൽ വെള്ള തേച്ച് അതിർത്തിയിടുന്ന മാനത്തിന് കീഴെ മരങ്ങളുടെ മറവിൽ നിന്ന് അവനാർക്കാണ് മരണവാറണ്ട് നീട്ടുന്നതെന്ന് ദൈവത്തിനേ അറിയൂ. കേട്ട കഥകളെല്ലാം ചോരയുറയുന്നതാണ്. ഒന്നും രണ്ടുമല്ല ആറുപേരാണവന്റെ കൊമ്പിൽ കോർക്കപ്പെട്ടത്.

അന്നക്കുട്ടിച്ചേട്ടിയുടെ ഓർമ്മയെ കീഴ്മേൽ മറിച്ചത് അവനാണ്. അങ്ങനെയെത്ര ഇരകളാണ്.

അവർക്ക് ഇഞ്ചികൃഷിയുണ്ടായിരുന്ന കാലത്താണ്. മൂത്തമകൻ തോമസ് കുട്ടി കാവല് കിടക്കാൻ പോയതായിരുന്നു.രണ്ട് ദിവസം മുൻപേ അവനെത്തിയതിന്റെ കോലാഹലങ്ങൾ തുടങ്ങിയിരുന്നു. ഇരുണ്ട മുളങ്കാടുകൾ കണ്ണെത്താദൂരം അതിർത്തിയിടുമ്പോൾ ഇഞ്ചിക്കണ്ടങ്ങൾക്കിടയിലെ കാവൽമാടത്തിലേക്ക് തോമസ്കുട്ടി അവനെ പ്രതീക്ഷിച്ചു കാണില്ല.

നേരം വെളുത്തിട്ടും തോമസ്കുട്ടിയെ കാണാതെ അന്വേഷിച്ചു പോയ നാട്ടുകാരാണ് കണ്ടത്. സംഹാരതാണ്ഡവമാടിയ നിലമായി ബാക്കി കിടന്നു കാവൽപ്പുര. കുഴഞ്ഞ മണ്ണിനും പച്ച ഇഞ്ചിക്കുമിടയിൽ തിരിച്ചറിയാനാവാതെ കുഴഞ്ഞ് തോമസ്കുട്ടിയും. പുല്ലാനി മലയുടെ കീഴെ സൂര്യനെ മറച്ച കറുത്ത മേഘങ്ങൾ കരുത്തുകാട്ടി നിന്നു. അന്നു മുതൽ അന്നക്കുട്ടിച്ചേടത്തിക്ക് ഓർമ്മ നഷ്ടപ്പെട്ടതാണ്. പക്ഷേ ഇന്നുമവൻ വന്നെന്നറിഞ്ഞാൽ എല്ലാം പൊട്ടിമുളച്ചതു പോലെ അവരോടാൻ തുടങ്ങും. ആനച്ചൂരു പിടിക്കുന്ന പോലെ മൂക്കു വിടർത്തി നിന്ന് "ഹെന്റീശോയെ ന്റെ കുഞ്ഞിനെ കാത്തോളണെ "എന്ന് വീണ്ടും, വീണ്ടും പറയും.

ശാരി തിരിച്ച് ബസ്സിറങ്ങിയപ്പോൾ അഞ്ചു മണി കഴിഞ്ഞിരുന്നു. നേരത്തേ വരാനെത്ര ശ്രമിച്ചിട്ടും കഴിഞ്ഞില്ല. പെട്ടിമാരിയിൽ അവന്റെ വരവ് സംസാരമായിക്കഴിഞ്ഞിട്ടുണ്ട്.

അവനെയിതേവരെ താൻ നേരിട്ട് കണ്ടിട്ടില്ല. മൂന്ന് നാല് കിലോമീറ്റർ ഒറ്റക്ക് താണ്ടണമെന്നോർത്തപ്പോൾ നെഞ്ചിൽ ഭയപ്പാടിന്റെ കനലുകൾ ആളാൻ തുടങ്ങി. ചാച്ചന് രണ്ട് ദിവസമായി തീരെ വയ്യ.അല്ലെങ്കിൽ ഇപ്പഴേ ഇവിടെ കാവലുണ്ടായേനെ. പോരെങ്കിൽ അവൻ എറങ്ങിയതിന്റെ കരുതലുകൾ വേറെ വേണം.

ആരെയെങ്കിലും കൂട്ടു കിട്ടുമോ എന്ന് നോക്കി നടക്കുമ്പോൾ ഓറഞ്ച് വിൽക്കുന്ന രേവു പറഞ്ഞു.

"റൊമ്പം സൂക്ഷിച്ചിട്, ആ ഇൻസ്പെക്ടറ് ഒരു ശപ്പൻ.ഊരുക്ക് അമ്മ തങ്കച്ചി ഇവങ്കളെ കാണാത്ത പടിയൊരുത്തൻ."

ഇദ്ദാപ്പോ നന്നായേന്നു തോന്നി. കൊലയാളിയൊരുത്തൻ വിലസുന്നത് രേവു അറിഞ്ഞില്ലെന്നുണ്ടോ.

നീലകോളാമ്പിപ്പൂക്കൾ വഴിയരികെ നിറഞ്ഞുനിന്നിരുന്നു.മഞ്ഞയും നീലയും കൊങ്ങിണിപ്പൂക്കൾ മത്സരിച്ചു പൂത്തിരിക്കുന്നു.ആകാശത്തേക്ക് മഴക്കാറുകൾ നുരഞ്ഞു കയറുന്നുണ്ട്. പെട്ടെന്ന് ഇരുട്ടായ പോലെ. ശാരി പകുതി ഓടിയും പകുതി നടന്നും ലായം കഴിഞ്ഞിരിക്കണം. ആരോ പിന്തുടരുന്നതു പോലെ ഒരു തോന്നൽ.ചുറ്റും നോക്കി ആരെയും കണ്ടില്ല. കുറ്റിക്കാടുകളിൽ പതിയിരുന്ന് കൂവിയ കുറുനരികൾ രാത്രി വേട്ടക്ക് വേണ്ടി പിരിഞ്ഞോടാൻ തുടങ്ങി.

നെഞ്ച് പെരുമ്പറ കൊട്ടുന്നു. രേവതിയുടെ മുന്നറിയിപ്പ്. ഇവിടെ വച്ച് എന്തെങ്കിലുമുണ്ടായാൽ പത്താളുകൾ ഒരുമിച്ചലറിയാലും ആരും കേൾക്കില്ല. ഇപ്പോൾ അവനെക്കുറിച്ചുള്ള പേടി രണ്ടാം സ്ഥാനത്താണ്.ഇന്ന് ഈ വഴി തെരഞ്ഞെടുക്കേണ്ടായിരുന്നു.ബുദ്ധിമോശം. അല്ലെങ്കിൽ അറിയില്ല.ബോധമുറച്ചപ്പോൾ മുതൽ നടക്കുന്ന വഴിയാണ്. പക്ഷേ അന്നൊക്കെ നാട് ഇത്ര മോശമായിരുന്നില്ല.

ഇത്തിരി കൂടി നടന്നതെയുള്ളൂ.പിന്നിൽ കാരുണ്യമില്ലാതെ നിലത്തമരുന്ന ബൂട്ടിന്റെ ശബ്ദം. അയാളാകുമോ മുത്തുവേൽ. ആരാണെന്നറിയില്ല. തിരിഞ്ഞു നോക്കാൻ പേടി അനുവദിക്കുന്നില്ല.

പിന്നിൽ ആളുണ്ടെന്നറിഞ്ഞതോടെ ശാരി ഓടാൻ തുടങ്ങി. കൈയ്യിലെ ബാഗ് എവിടെയോ വീണ് ചിതറി. കൈയ്യും കാലും കുഴയുന്നതുപോലെ. കിതച്ച് നെഞ്ചു പൊട്ടുന്നു. നീലമലകളെ വിറപ്പിച്ച് ഇടികുടുങ്ങാൻ തുടങ്ങി. പിന്നിലെ ബൂട്ടിന്റെ ശബ്ദം അടുത്തെത്തിയിരിക്കുന്നു.കിതപ്പ് ഇപ്പോൾ കേൾക്കാം.

ഒരു കൈയ്യകലത്ത്. തൊട്ടു തൊട്ടില്ലെന്ന മട്ടിൽ.

അപ്പോഴാണ് സപ്തനാഡികളെയും തളർത്തി ആ ചിന്നം വിളി. മരങ്ങൾക്കിടയിൽ നിന്ന് കറുത്ത പാറക്കല്ല് പൊട്ടി വീണ പോലെ മുന്നോട്ടായുന്ന അവൻ. ചുറ്റും കാട് വിറകൊള്ളുന്നു.നടുങ്ങുന്ന ഭൂമി. കുത്തിമറിച്ചിട്ട പൂഴിമണ്ണിൽ കാഴ്ചകൾ മറയുന്നു.

മറിഞ്ഞു വീണു. ബോധം മറയുന്നുവോ?

പുല്ലാനിമലയ്ക്കുമേൽ ആകാശം ചൊരിഞ്ഞിട്ട മിന്നൽപ്പിണറുകൾ കണ്ണിൽക്കുത്തിയുണർത്തി. ചേക്കാറെനെത്തിയ പക്ഷികൾ ഭയന്ന് നിലവിളിക്കുന്നു. ഒരു കണക്കിനാണ് വീടെത്തിയത്. അമ്മച്ചി മുറ്റത്തുണ്ട്.

"നെഞ്ചിൽ തീയായിരുന്നു. അവനെത്തീന്നറിഞ്ഞതു മുതൽ."

അവരുടെ മുഖത്ത് മകൾ തിരിച്ചെത്തിയതിന്റെ ആശ്വാസം.

പെരുമലകളിൽ നിന്ന് താഴേക്കൂർന്നിറങ്ങിയ മേഘങ്ങൾ മൂടിയഴിച്ചാടാൻ തുടങ്ങി.

ഉറക്കത്തിൽ നിന്നും കടുത്ത പനിയുടെ ചൂടിലേക്കാണ് ശാരി ഉണർന്നത്.

അമ്മച്ചി പുറത്ത് ആരോടൊ പറയുന്നു.

"എന്തേലും കണ്ട് പേടിച്ചാവോ. രാത്രി മുഴുവൻ പനിയായിരുന്നു. പിച്ചും പേയും പറഞ്ഞ്.

എന്തായാലും ഇത്തവണ ആ ഇൻസ്പെക്ടർക്കാണ് യോഗം. എപ്പോഴും തോക്കുമായി നടക്കുന്ന അയാളെങ്ങനാവോ അവന്റെ മുന്നിൽ വന്ന് പെട്ടതെന്നു ദൈവത്തിനേ അറിയൂ."